# കലാസമിതി അഫിലിയേഷൻ

## 22.03.2021ലെ അക്കാദമി നിർവ്വാഹകസമിതി തീരുമാനപ്രകാരം മാറ്റം വരുത്തിയ നിയമാവലി.

## അമേച്വർ കലാസമിതി അഫിലിയേഷനുള്ള വ്യവസ്ഥകൾ

1. സംഗീതം, നൃത്തം, നാടകം, ബാലെ, വാദ്യം, നാടോടിഗോത്ര കലകൾ, മാജിക്, കഥാപ്രസംഗം, കേരളീയ ക്ലാസിക് കലകൾ, ക്ഷേത്രകലകൾ എന്നീ രംഗങ്ങളിൽ കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ എല്ലാ അമേചർ കലാസമിതികൾക്കും കേരള സംഗീത നാടക അക്കാദമിയിൽ അഫിലിയേഷനു വേണ്ടി പ്രസ്തുത സമിതികളുടെ സൊസൈറ്റീസ് / ട്രസ്റ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റേയും രേഖകളുടേയും നിയമാവലിയുടേയും പകർപ്പും പ്രവർത്തന റിപ്പോർട്ടും, ഭാരവാഹികളുടെ പേരുവിവരവും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. എല്ലാ വർഷവും ഏപ്രിൽ മാസത്തിലാണ് അഫിലിയേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. പ്രത്യേക സാഹചര്യത്തിൽ ഏപ്രിൽ മാസത്തിനു ശേഷം രണ്ടു മാസം വരെ അപേക്ഷ നൽകാവുന്നതാണ്. ഇങ്ങനെയുള്ള അഫിലിയേഷന് 50/-രൂപ പിഴ ഈടാക്കുന്നതാണ്. ഏപ്രിൽ മാസം മുതലുള്ള വാർഷിക കാലപരിധി ഇത്തരം അംഗീകാരത്തിനും ലഭിക്കുന്നതായിരിക്കും.

3. അഫിലിയേഷനുള്ള അപേക്ഷാഫോറം അക്കാദമി ഓഫീസിൽ നിന്ന് നേരിട്ടോ തപാൽ മാർഗ്ഗമോ വെബ്സൈറ്റിലൂടെയോ സൗജന്യമായി ലഭിക്കും. ഫോറം പൂരിപ്പിച്ച് നിശ്ചിത തിയ്യതിക്കുള്ളിൽ തന്നെ അക്കാദമി ഓഫീസിൽ എത്തിച്ചിരിക്കണം.

4. ചുരുങ്ങിയത് ഒരു വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള കലാസമിതികൾക്കു മാത്രമേ അഫിലിയേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. സമിതികൾക്ക് സ്വന്തമായോ വാടകയ്ക്കോ ഉള്ള ഓഫീസ് ഉണ്ടായിരിക്കണം.നിയമാവലി, മിനിറ്റ്സ്ബുക്ക്, വരവ്-ചെലവ് കണക്ക് രജിസ്റ്ററുകൾ, നെയിം ബോർഡ്, സീൽ, ആവശ്യമായ ഫർണീച്ചർ എന്നിവ ഉണ്ടായിരിക്കണം.

6. കലാസമിതികൾ അഫിലിയേഷനുള്ള അപേക്ഷ അക്കാദമിയ്ക്ക് സമർപ്പിക്കുമ്പോൾ എം.പി/എം.എൽ.എ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ/ ഒരു ഗസറ്റഡ് ഓഫീസർ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം ഉണ്ടായിരിക്കണം. **മറുനാടൻ മലയാളികളുടെ കലാസമാജങ്ങളുടെ അഫിലിയേഷന് മേൽ**

**പരാമർശിച്ചവർക്കു പുറമെ അതാതു സംസ്ഥാനങ്ങളിലെ എം.പി/എം.എൽ.എ/ ഗസറ്റഡ് ഓഫീസർമാർ എന്നിവയുടെ ശുപാർശ സ്വീകാര്യമാണ്. പ്രവാസി സംഘടനകളുടെ അപേക്ഷയിന്മേലുള്ള ശുപാർശ നോർക്കയോ ഇന്ത്യൻ എംബസിയോ നൽകേണ്ടതാണ്.**

7. അഫിലിയേഷനുള്ള ഫീസ് 100/- രൂപയാണ്. ഒപ്പം അക്കാദമി മുഖപത്രമായ കേളി വരിസംഖ്യ അപേക്ഷയുടെ പരിശോധനയ്ക്ക് ശേഷം അക്കാദമിയിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് രണ്ട് മാസത്തിനുള്ളിൽ അടച്ചിരിക്കണം. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷ റദ്ദാകുന്നതാണ്. കേളിയുടെ വരിസംഖ്യ 380/- രൂപയാണ്. അഫിലിയേഷൻ അപേക്ഷകർ 300/-രൂപ അടച്ചാൽ മതിയാകുന്നതാണ്.

8. ഒരു വർഷം മുതൽ അഞ്ച് വർഷം വരെ അക്കാദമി അംഗീകാരത്തിനായി അപേക്ഷിക്കാവുന്നതാണ്. കാലാവധി തീരുന്ന മുറയ്ക്ക് അംഗീകാരം പുതുക്കേണ്ടതാണ്.

9. അംഗീകാരം നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് കലാസമിതികൾക്ക് അയച്ചു തരുന്നതാണ്. അത് സമിതി ഓഫീസിൽ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

10. അംഗീകാരം പുതുക്കുന്നതിനുള്ള ഫീസ് 50/- രൂപയാണ്. അതും കേളിയുടെ വാർഷികവരിസംഖ്യയും (പ്രതിവർഷം 300/-രൂപ) ചേർത്തടച്ച് യഥാകാലം അംഗീകാരം പുതുക്കേണ്ട ഉത്തരവാദിത്തം കലാസമിതികൾക്കായിരിക്കും. അംഗീകാരം പുതുക്കുന്ന സമയത്ത് മുൻവർഷത്തെ/വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്, ഭാരവാഹികളുടെ വിവരങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്. അംഗീകാരത്തിന്റെ കാലാവധിക്ക് ശേഷം മൂന്നു മാസം കഴിഞ്ഞാൽ പ്രതിവർഷം 50/-രൂപ വീതം പിഴയോടു കൂടി അഞ്ച് വർഷം വരെയും അംഗീകാരം പുതുക്കി സീനിയോറിറ്റി നിലനിർത്താവുന്നതാണ്.

    അഞ്ച് വർഷം വരെ പുതുക്കുന്നതിൽ വീഴ്ച വരുത്തുന്ന കലാസമിതികൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് അംഗീകാരം പുതുക്കിക്കൊടുക്കാൻ സെക്രട്ടറിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്. അഞ്ചു വർഷം കഴിഞ്ഞും പുതുക്കുന്നതിൽ വീഴ്ച വരുത്തുന്ന സജീവ പ്രവർത്തനം നടത്തുന്ന സമിതികൾക്ക് നിർവ്വാഹകസമിതിയുടെ അംഗീകാരത്തോടെ പ്രത്യേക പരിഗണന നല്കി രണ്ടു വർഷം കൂടി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

11. സാധാരണ നിലയിൽ അക്കാദമി നിർവ്വാഹക സമിതി യോഗതീരുമാനമനുസരിച്ചായിരിക്കും കലാസമിതികൾക്ക് അഫിലിയേഷൻ ലഭിക്കുന്നത്. നിർവ്വാഹകസമിതി മേൽപ്പറഞ്ഞ കാലത്ത് നിലിവിലില്ലെങ്കിലോ മറ്റേതെങ്കിലും തക്കതായ കാരണങ്ങളാ

ലോ സെക്രട്ടറിയോ സെക്രട്ടറിയുടെ അഭാവത്തിൽ ചീഫ് എക്സിക്യൂട്ടീവ് ചുമതലയുള്ള ഉദ്യോഗസ്ഥനോ ഇതു സംബന്ധിച്ച തീരുമാനം എടുക്കാവുന്നതാണ്. ഇങ്ങനെ എടുക്കുന്ന തീരുമാനങ്ങൾക്ക് പിന്നീട് ചേരുന്ന നിർവ്വാഹക സമിതി യോഗത്തിന്റെ സാധൂകരണം തേടേണ്ടതാണ്.

12. ഒരിക്കൽ ലഭിച്ചു കഴിഞ്ഞ അംഗീകാരം പുതുക്കുന്നതിന് നിർവ്വാഹകസമിതി തീരുമാനം ആവശ്യമില്ല. അത് ഒരു ദൈനംദിന ഓഫീസ് നടപടി ആയി നിർവ്വഹിക്കാവുന്നതാണ്.

13. അക്കാദമിയുടെ അംഗീകാരമുള്ള അമേച്വർ കലാസമിതികൾക്കു മാത്രമേ ഗ്രാന്റ് ലഭിക്കുകയുള്ളൂ. അംഗീകാരം ലഭിച്ചതുകൊണ്ടുമാത്രം ഗ്രാന്റ് ലഭിക്കണമെന്നില്ല. കലാസംഘടനകൾക്കുള്ള യാത്രാസൗജന്യം, ധനസഹായ ശുപാർശകൾ, കെട്ടിട ഗ്രാന്റ് ശുപാർശ എന്നിവയ്ക്ക് അക്കാദമിയുടെ അംഗീകാരം ഒരു അവശ്യ നിബന്ധനയാണ്.

14. അഫിലിയേഷനും ഗ്രാന്റും സംബന്ധിച്ച അന്തിമ തീരുമാനം അക്കാദമിയിൽ നിക്ഷിപ്തമാണ്.

**********

Secretary
Kerala Sangeetha Nataka Akademi
Thrissur-680 020

## പ്രൊഫഷണൽ കലാസംഘം അഫിലിയേഷനുള്ള വ്യവസ്ഥകൾ

1. സംഗീതം, നൃത്തം, നാടകം, ബാലെ, വാദ്യം, നാടോടി ഗോത്ര കലകൾ, മാജിക്, കഥാപ്രസംഗം, കേരളീയ ക്ലാസ്സിക് കലകൾ, ക്ഷേത്രകലകൾ തുടങ്ങിയ കലാരംഗങ്ങളിൽ പ്രവർത്തിക്കുകയും പ്രൊഫഷണൽ അടിസ്ഥാനത്തിൽ രംഗാവതരണങ്ങൾ നടത്തുകയും സൊസൈറ്റീസ് ആക്ട് രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും ചെയ്യുന്ന കേരളത്തിലെ എല്ലാ സമിതികൾക്കും കേരള സംഗീത നാടക അക്കാദമിയിൽ അഫിലിയേഷനു വേണ്ടി പ്രസ്തുത സമിതികളുടെ സൊസൈറ്റീസ് / ട്രസ്റ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റേയും രേഖകളുടേയും നിയമാവലിയുടേയും പകർപ്പും പ്രവർത്തന റിപ്പോർട്ടും, ഭാരവാഹികളുടെ പേരുവിവരവും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. എല്ലാ വർഷവും ഏപ്രിൽ മാസത്തിലാണ് അഫിലിയേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. പ്രത്യേക സാഹചര്യത്തിൽ ഏപ്രിൽ മാസത്തിനു ശേഷം രണ്ടു മാസം വരെ അപേക്ഷ നൽകാവുന്നതാണ്. ഇങ്ങനെയുള്ള അഫിലിയേഷന് 200/-രൂപ പിഴ ഈടാക്കുന്നതാണ്. ഏപ്രിൽ മാസം മുതലുള്ള വാർഷിക കാലപരിധി ഇത്തരം അംഗീകാരത്തിനും ലഭിക്കുന്നതായിരിക്കും.

3. അഫിലിയേഷനുള്ള അപേക്ഷാഫോറം അക്കാദമി ഓഫീസിൽ നിന്ന് നേരിട്ടോ തപാൽ മാർഗ്ഗമോ വെബ്സൈറ്റിലൂടെയോ സൗജന്യമായി ലഭിക്കും. ഫോറം പൂരിപ്പിച്ച് നിശ്ചിത തിയ്യതിക്കുള്ളിൽ തന്നെ അക്കാദമി ഓഫീസിൽ എത്തിച്ചിരിക്കണം.

4. ഒരു വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള സമിതികൾക്കു മാത്രമേ അഫിലിയേഷൻ നൽകുകയുള്ളൂ.

5. സമിതികൾക്ക് സ്വന്തമായോ വാടകയ്ക്കോ ഉള്ള ഓഫീസ് ഉണ്ടായിരിക്കണം. നിയമാവലി, മിനിറ്റ്സ്ബുക്ക്, വരവ്-ചെലവ് കണക്ക് രജിസ്റ്ററുകൾ, നെയിം ബോർഡ്, സീൽ, ആവശ്യമായ ഫർണീച്ചർ എന്നിവ ഉണ്ടായിരിക്കണം.

6. കലാസമിതികൾ അഫിലിയേഷനുള്ള അപേക്ഷ അക്കാദമിയ്ക്ക് സമർപ്പിക്കുമ്പോൾ എം.പി/എം.എൽ.എ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ/

ഒരു ഗസറ്റഡ് ഓഫീസർ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

7. അഫിലിയേഷനുള്ള ഫീസ് 150/- രൂപയാണ്. ഒപ്പം അക്കാദമി മുഖപത്രമായ കേളി വരിസംഖ്യ അപേക്ഷയുടെ പരിശോധനയ്ക്ക് ശേഷം അക്കാദമിയിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് രണ്ട് മാസത്തിനുള്ളിൽ അടച്ചിരിക്കണം. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷ റദ്ദാകുന്നതാണ്. കേളിയുടെ വരിസംഖ്യ 380/- രൂപയാണ്. അഫിലിയേഷൻ അപേക്ഷകർ 300/-രൂപ അടച്ചാൽ മതിയാകുന്നതാണ്.

8. ഒരു വർഷം മുതൽ അഞ്ച് വർഷം വരെ അക്കാദമി അംഗീകാരത്തിനായി അപേക്ഷിക്കാവുന്നതാണ്. കാലാവധി തീരുന്ന മുറയ്ക്ക് അംഗീകാരം പുതുക്കേണ്ടതാണ്.

9. അംഗീകാരം നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് കലാസമിതികൾക്ക് അയച്ചു തരുന്നതാണ്. അത് സമിതി ഓഫീസിൽ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

10. അംഗീകാരം പുതുക്കുന്നതിനുള്ള ഫീസ് 100/- രൂപയാണ്. അതും കേളിയുടെ വാർഷികവരിസംഖ്യയും (പ്രതിവർഷം 300/-രൂപ) ചേർത്തടച്ച് യഥാകാലം അംഗീകാരം പുതുക്കേണ്ട ഉത്തരവാദിത്തം കലാസമിതികൾക്കായിരിക്കും. അംഗീകാരം പുതുക്കുന്ന സമയത്ത് മുൻവർഷത്തെ/വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്, ഭാരവാഹികളുടെ വിവരങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്. അംഗീകാരത്തിന്റെ കാലാവധിക്ക് ശേഷം മൂന്നു മാസം കഴിഞ്ഞാൽ പ്രതിവർഷം 200/-രൂപ വീതം പിഴയോടു കൂടി അഞ്ച് വർഷം വരെയും അംഗീകാരം പുതുക്കി സീനിയോറിറ്റി നിലനിർത്താവുന്നതാണ്.

അഞ്ച് വർഷം വരെ പുതുക്കുന്നതിൽ വീഴ്ച വരുത്തുന്ന കലാസമിതികൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് അംഗീകാരം പുതുക്കിക്കൊടുക്കാൻ സെക്രട്ടറിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്. അഞ്ചു വർഷം കഴിഞ്ഞും പുതുക്കുന്നതിൽ വീഴ്ച വരുത്തുന്ന സജീവ പ്രവർത്തനം നടത്തുന്ന സമിതികൾക്ക് നിർവ്വാഹകസമിതിയുടെ അംഗീകാരത്തോടെ പ്രത്യേക പരിഗണന നല്കി രണ്ടു വർഷം കൂടി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

11. സാധാരണ നിലയിൽ അക്കാദമി നിർവ്വാഹക സമിതി യോഗതീരുമാനമനുസരിച്ചായിരിക്കും കലാസമിതികൾക്ക് അഫിലിയേഷൻ ലഭിക്കുന്നത്. നിർവ്വാഹകസമിതി മേൽപ്പറഞ്ഞ കാലത്ത് നിലിവിലില്ലെങ്കിലോ മറ്റേതെങ്കിലും തക്കതായ കാരണങ്ങളാലോ സെക്രട്ടറിയോ സെക്രട്ടറിയുടെ അഭാവത്തിൽ ചീഫ് എക്സിക്യൂട്ടീവ് ചുമതലയുള്ള ഉദ്യോഗസ്ഥനോ ഇതു സംബന്ധിച്ച തീരുമാനം എടുക്കാവുന്നതാണ്.

ഇങ്ങനെ എടുക്കുന്ന തീരുമാനങ്ങൾക്ക് പിന്നീട് ചേരുന്ന നിർവ്വാഹക സമിതി യോഗത്തിന്റെ സാധൂകരണം തേടേണ്ടതാണ്.

12. അടിയന്തിര ഘട്ടങ്ങളിൽ സെക്രട്ടറിയുടെ വിവേചനാധികാരം ഉപയോഗിച്ച് ഈ കാലയളവിലല്ലാതെയും അപേക്ഷ സ്വീകരിക്കാവുന്നതാണ്.

13. ഒരിക്കൽ ലഭിച്ചു കഴിഞ്ഞ അംഗീകാരം പുതുക്കുന്നതിന് നിർവ്വാഹകസമിതി തീരുമാനം ആവശ്യമില്ല. അത് ഒരു ദൈനംദിന ഓഫീസ് നടപടി ആയി നിർവ്വഹിക്കാവുന്നതാണ്.

14. കലാസംഘടനകൾക്കുള്ള യാത്രാസൗജന്യം ധനസഹായ ശുപാർശകൾ, കെട്ടിട ഗ്രാന്റ് ശുപാർശ എന്നിവയ്ക്ക് അക്കാദമിയുടെ അംഗീകാരം ഒരു അവശ്യ നിബന്ധനയാണ്.

15. അഫിലിയേഷൻ സംബന്ധിച്ച അന്തിമ തീരുമാനം അക്കാദമിയിൽ നിക്ഷിപ്തമാണ്.

**********

Secretary
Kerala Sangeetha Nataka Akademi
Thrissur-680 020